# ഭാവിയിലെ വിശ്വ രാജ്യത്തിന്റെ ആധാരം– സംഗമയുഗത്തിലെ സ്വരാജ്യം

ഇന്ന് വിശ്വ രചയിതാവായ ബാപ്ദാദ തന്റെ സര്‍വ്വ സ്വരാജ്യ അധികാരി കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഈ വര്‍ത്തമാന സംഗമയുഗത്തിലെ സ്വരാജ്യ അധികാരി, ഭാവിയില്‍ വിശ്വ–രാജ്യ അധികാരിയായി മാറുന്നു കാരണം സ്വരാജ്യത്തിലൂടെ തന്നെയാണ് വിശ്വ രാജ്യത്തിന്റെ അധികാരം പ്രാപ്തമാകുന്നത്. ഈ സമയത്തെ സ്വരാജ്യത്തിന്റെ പ്രാപ്തിയുടെ അനുഭവം ഭാവിയിലെ വിശ്വ രാജ്യത്തേക്കാള്‍ അതി ശ്രേഷ്ഠമായ അനുഭവമാണ്. മുഴുവന്‍ ഡ്രാമയില്‍ രാജ്യ അധികാരികളാണ് രാജ്യം ഭരിക്കുന്നത്. ഏറ്റവും ശ്രേഷ്ഠം ആദ്യത്തേത് സ്വരാജ്യമാണ്, അതിന്റെ ആധാരത്തിലൂടെ നിങ്ങള്‍ സ്വരാജ്യ അധികാരി ആത്മാക്കള്‍ അനേക ജന്മം സത്യയുഗം– ത്രേതാ വരെ വിശ്വ രാജ്യാധികാരിയായി മാറുന്നു. അതിനാല്‍ ആദ്യത്തേതാണ് സ്വരാജ്യം, പിന്നെ അര കല്പം വിശ്വ രാജ്യ അധികാരം, ദ്വാപരം മുതല്‍ രാജ്യം ഉണ്ടാകും എന്നാല്‍ വിശ്വ രാജ്യമില്ല, സംസ്ഥാനത്തിന്റെ രാജാക്കന്‍മാര്‍ ഉണ്ടാകും. മുഴുവന്‍ വിശ്വത്തില്‍ ഒരു രാജ്യം, അത് കേവലം സത്യയുഗത്തില്‍ മാത്രമായിരിക്കും. അപ്പോള്‍ മൂന്ന് പ്രകാരത്തിലുള്ള രാജ്യത്തെ കുറിച്ച് കേള്‍പ്പിച്ചു. രാജ്യം അര്‍ത്ഥം സര്‍വ്വ അധികാരത്തിന്റെ പ്രാപ്തി. സത്യയുഗം– ത്രേതായുഗത്തിന്റെ രാജ്യ നിയമം, ദ്വാപരയുഗത്തിലെ രാജ്യ നിയമം, സംഗമയുഗത്തിലെ രാജ്യ നിയമം– മൂന്നിനെയും നല്ല രീതിയില്‍ മനസ്സിലാക്കുന്നു.

സംഗമയുഗത്തിന്റെ രാജ്യ നിയമം അര്‍ത്ഥം ഓരോ ബ്രാഹ്മണ ആത്മാവും സ്വയത്തിന്റെ രാജ്യ അധികാരിയാകുന്നു. ഓരോരുത്തരും രാജയോഗിയാണ്. സര്‍വ്വരും രാജയോഗിയാണ്. അതോ പ്രജായോഗിയാണോ? രാജയോഗിയല്ലേ. അതിനാല്‍ രാജയോഗി അര്‍ത്ഥം രാജാവാകുന്ന യോഗി. സ്വരാജ്യ അധികാരി ആത്മാക്കള്‍ക്ക് വിശേഷ നിയമമുണ്ട്– രാജാവ് തന്റെ സേവകര്‍ക്ക്, പ്രജകള്‍ക്ക് ഓര്‍ഡര്‍ ചെയ്യുമ്പോള്‍ അതനുസരിച്ച് സാഥി അഥവാ പ്രജകള്‍ കാര്യം ചെയ്യുന്നു. അതേപോലെ താങ്കള്‍ സ്വരാജ്യ അധികാരി ആത്മാക്കള്‍ തന്റെ യോഗ ശക്തിയിലൂടെ ഓരോ കര്‍മ്മേന്ദ്രിയം, മനസ്സ്, ബുദ്ധി, സംസ്ക്കാരം പോലും താങ്കള്‍ രാജ്യ അധികാരി ആത്മാവിന്റെ നിര്‍ദ്ദേശമനുസരിച്ച് നടക്കുന്നു. എപ്പോള്‍ ആഗ്രഹിക്കുന്നുവോ, എങ്ങനെ ആഗ്രഹിക്കുന്നുവൊ അതേപോലെ മനസ്സ് അര്‍ത്ഥം സങ്കല്പ ശക്തിയെ അവിടെ സ്ഥിതി ചെയ്യിക്കാന്‍ സാധിക്കണം. അര്‍ത്ഥം മനസ്സ്, ബുദ്ധി, സംസ്ക്കാരത്തിന്റെയും രാജ്യ അധികാരി. സംസ്ക്കാരത്തിന് വശപ്പെടുന്നില്ല എന്നാല്‍ സംസ്ക്കാരത്തെ തന്റെ വശത്താക്കി ശ്രേഷ്ഠമായ രീതിയിലൂടെ കാര്യത്തില്‍ ഉപയോഗിക്കുന്നു, ശ്രേഷ്ഠമായ സംസ്ക്കാരത്തിനനുസരിച്ച് സംബന്ധ സമ്പര്‍ക്കത്തില്‍ വരുന്നു. അതിനാല്‍ സ്വരാജ്യത്തിന്റെ നിയമമാണ്– മനസ്സ്, ബുദ്ധി, സംസ്ക്കാരം, സര്‍വ്വ കര്‍മ്മേന്ദ്രിയങ്ങളുടെ മേല്‍ സ്വ അര്‍ത്ഥം ആത്മാവിന്റെ അധികാരം. ഏതെങ്കിലും കര്‍മ്മേന്ദ്രിയം ഇടയ്ക്ക് കണ്ണ് ചതിക്കുന്നു, ഇടയ്ക്ക് വാക്ക് ചതിക്കുന്നു, വാക്ക് അര്‍ത്ഥം വായ ചതിക്കുന്നു, സംസ്ക്കാരം തന്റെ നിയന്ത്രണത്തില്‍ വരുന്നില്ല – ഇങ്ങനെയെങ്കില്‍ സ്വരാജ്യ അധികാരിയെന്ന് പറയില്ല, അവരെ സ്വരാജ്യ അധികാരത്തിന്റെ പുരുഷാര്‍ത്ഥിയെന്ന് പറയും. അധികാരിയല്ല എന്നാല്‍ പുരുഷാര്‍ത്ഥി. വാസ്തവത്തില്‍ രാജ്യ അധികാരി ആത്മാവിനെ സ്വപ്നത്തില്‍ പോലും ഒരു കര്‍മ്മേന്ദ്രിയം അഥവാ മനസ്സ്, ബുദ്ധി, സംസ്ക്കാരം– ഇവയ്ക്ക് ചതിക്കാന്‍ സാധിക്കില്ല കാരണം അധികാരിയാണ്, അധികാരിക്ക് ഒരിക്കലും അധീനമാകാന്‍ സാധിക്കില്ല. അധീനമാണെങ്കില്‍ അധികാരിയാകുന്നതിന്റെ പുരുഷാര്‍ത്ഥിയാണ് അതിനാല്‍ സ്വയത്തോട് ചോദിക്കൂ പുരുഷാര്‍ത്ഥിയാണോ അതോ അധികാരിയാണോ? അധികാരിയായോ അതോ ആയി കൊണ്ടിരിക്കുകയാണോ? സ്വരാജ്യത്തിന്റെ ആത്മീയ ലഹരി എന്ത് അനുഭവം ചെയ്യിക്കുന്നു? എന്തായി മാറുന്നു? നിശ്ചിന്ത ചക്രവര്‍ത്തി, ചിന്തയില്ലാത്ത രാജ്യത്തെ ചക്രവര്‍ത്തി.

ഏറ്റവും വലുതിലും വച്ച് വലിയ ചക്രവര്‍ത്തിയാണ് നിശ്ചിന്ത ചക്രവര്‍ത്തി, ഏറ്റവും വലുതിലും വച്ച് വലിയ രാജ്യമാണ് നിശ്ചിന്ത രാജ്യം. നിശ്ചിന്തമായ രാജ്യത്തെ അധികാരിക്ക് മുന്നില്‍ ഈ വിശ്വത്തിന്റെ രാജ്യം ഒന്നുമേയല്ല. ചിന്തയില്ലാത്ത ഈ രാജ്യത്തിന്റെ അധികാരം വളരെ ശ്രേഷ്ഠവും സുഖമയവുമാണ്. ചിന്തയേയില്ല. അതിനാല്‍ ചിന്തയില്ലാത്ത രാജ്യത്തിന്റെ അനുഭവമുണ്ടല്ലോ. അതോ ഇടയ്ക്കിടയ്ക്ക് താഴേക്ക് വരുന്നുണ്ടോ? സദാ ആത്മീയ ലഹരിയില്‍ നിശ്ചിന്ത രാജ്യത്തെ ചക്രവര്‍ത്തിയാണ്– എന്ന അധികാരത്തിലിരിക്കൂ. താഴേക്ക് വരാതിരിക്കൂ. നോക്കൂ, ഇന്നത്തെ കാലത്തെ രാജ്യത്തലും കസേരയിലിരിക്കുന്നവര്‍ക്ക് അധികാരമുണ്ട്, നാളെ കസേരയില്‍ നിന്ന് എഴുന്നേറ്റാല്‍ അധികാരമുണ്ടായിരിക്കുമോ? സാധാരണമായി മാറുന്നു. താങ്കളും സ്വരാജ്യത്തിന്റെ ലഹരിയിലിരിക്കുന്നു, അകാല സിംഹാസനത്തിലിരിക്കുന്നു. എല്ലാവരുടെയുമടുത്ത് സിംഹാസനമുണ്ടല്ലോ. സിംഹാസനത്തെ പിന്നെയെന്തിന് ഉപേക്ഷിക്കുന്നു? സദാ സിംഹാ

സനസ്ഥരായിരിക്കൂ, ആത്മീയ ലഹരിയിലിരിക്കൂ. അകാല സിംഹാസനം– ഇത് അമൃത്സറിലുള്ള സിംഹാസനമല്ല, ഇത് അകാലമാണ്. ഈ സിംഹാസനം എല്ലാവരുടെയുമടുത്തുണ്ട്. അതിനാൽ അകാല സിംഹാസനസ്ഥരായ സ്വരാജ്യ അധികാരിയാക്കിയതാരാണ്? ബാബ ഓരോ ബ്രാഹ്മണ കുട്ടിയെയും സിംഹാസനസ്തരായ രാജാവാക്കി മാറ്റി.

മുഴുവൻ സൃഷ്ടി ചക്രത്തിൽ എല്ലാ മക്കളും രാജാവായിട്ടുള്ള ഒരു അച്ഛനും ഉണ്ടായിരിക്കില്ല. ലക്ഷ്മീ നാരായണന് പോലും അങ്ങനെയാകാൻ സാധിക്കില്ല. ഇത് പരമാത്മാവായ ബാബ തന്നെയാണ് പറയുന്നത്– എന്റെ സർവ്വ കുട്ടികളെ, രാജാ കുട്ടികളെ എന്ന്. ലോകത്ത് പറയുന്നു– ഇത് രാജാ കുട്ടിയാണ് എന്ന്. എന്നാൽ പദവിയെന്തെങ്കിലുമായിരിക്കും– വേലക്കാരൻ ആകാം മറ്റെന്തെങ്കിലുമാകാം. പക്ഷെ പറയുമ്പോൾ രാജാ കുട്ടിയെന്നാണ് പറയുന്നത്. എന്നാൽ ഈ സമയത്ത് നിങ്ങൾ പ്രാക്ടിക്കലിൽ രാജയോഗി അർത്ഥം രാജാ കുട്ടികളായി മാറുന്നു. അപ്പോൾ ബാബയ്ക്കും ലഹരിയുണ്ട്, കുട്ടികൾക്കും ലഹരിയുണ്ട്. അപ്പോൾ സ്വരാജ്യത്തിന്റെ രീതിയെന്താണ്? സ്വയത്തിന്റെ മേൽ രാജ്യം, ഓരോ കർമ്മേന്ദ്രിയത്തിന്റെയും മേൽ അധികാരമുണ്ടായിരിക്കണം. കാണാൻ ആഗ്രഹിച്ചില്ല പക്ഷെ കണ്ടു പോയി, കണ്ണുകൾ തുറന്നായിരുന്നു, അതിനാൽ കണ്ടു പോയി. ചെവികൾക്ക് വാതിലില്ല, അതിനാൽ ചെവി കൊണ്ട് കേട്ടു. പക്ഷെ രണ്ട് ചെവികളുണ്ട്. അങ്ങനെയുള്ള കാര്യം കേട്ടുവെങ്കിൽ അതിനെ കളയാനുമുള്ള മാർഗ്ഗം ഉണ്ടല്ലോ, അതിനാൽ ഈ ഭാരതത്തിൽ തന്നെ ഈ ചിത്രം ബാപുജിയുടെ സ്മരണയിൽ ഉണ്ടാക്കിയിട്ടുണ്ട്– മോശമായത് കാണരുത്, കേൾക്കരുത്, സംസാരിക്കരുത്, നിങ്ങൾ നാല് ചിത്രം കാണിക്കുന്നുണ്ട്. മോശമായത് ചിന്തിക്കാൻ പോലും പാടില്ല കാരണം ആദ്യം ചിന്തിക്കുകയാണ് ചെയ്യുന്നത്, പിന്നെ സംസാരം, പിന്നെ കാണുന്നു അതിനാൽ നിയന്ത്രിക്കാനും, ഭരിക്കാനുമുള്ള ശക്തിയുണ്ടാകണം. രാജാവ് അർത്ഥം ഭരിക്കാനുള്ള കഴിവ്. രാജാവാണ് പക്ഷെ ഭരിക്കാനുള്ള ശക്തിയില്ലായെങ്കിൽ ആ രാജാവിനെ ആര് അംഗീകരിക്കും? അതിനാൽ സ്വരാജ്യം അർത്ഥം നിയന്ത്രിക്കാനും ഭരിക്കാനുമുള്ള ശക്തി.

ബാപ്ദാദ നേരത്തെയും കേൾപ്പിച്ചായിരുന്നു– ചില കുട്ടികൾ തിരിച്ചറിയുന്നതിൽ വളരെ സമർത്ഥരാണ്. എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ, നിയമമനുസരിച്ചതല്ലാത്തതാണ് എങ്കിൽ മനസ്സിലാക്കുന്നു– ഇത് ചെയ്യാൻ പാടില്ലായിരുന്നു, ഇത് സത്യമല്ല, യഥാർത്ഥമല്ല, അയഥാർത്ഥമാണ്, വ്യർത്ഥമാണ് എന്ന്. എന്നാൽ മനസ്സിലാക്കിയിട്ടും വീണ്ടും ചെയ്തു കൊണ്ടിരിക്കുന്നു അല്ലെങ്കിൽ ചെയ്യുന്നു. അപ്പോൾ ഇതിനെയെന്ത് പറയും? ഏതൊരു ശക്തിയുടെ കുറവാണ്? നിയന്ത്രിക്കാനുള്ള ശക്തിയില്ല. ഇന്നത്തെ കാലത്ത് കാർ ഓടിക്കുന്നു, അപകടം ഉണ്ടാകും എന്ന് അറിയുമ്പോൾ ബ്രേക്കിടാൻ ശ്രമിക്കുന്നു, പക്ഷെ സാധാക്കാതെ വരുമ്പോൾ അപകടം സംഭവിക്കില്ലേ. ബ്രേക്കുണ്ട് പക്ഷെ ശക്തിശാലിയല്ല, ഇവിടെയിട്ടപ്പോൾ അവിടെയാണ് ബ്രേക്ക് വീണത്, അപ്പോൾ എന്ത് സംഭവിക്കും? അത്രയും സമയം പരവശരാകില്ലേ. ആഗ്രഹിച്ചിട്ടും ചെയ്യാൻ സാധിക്കുന്നില്ല. ബ്രേക്കിടാൻ സാധിക്കുന്നില്ല അല്ലെങ്കിൽ ബ്രേക്ക് പവർഫുൾ അല്ലാത്തത് കാരണം ശരിയായി ലഭിക്കുന്നില്ല. അതിനാൽ ഇത് ചെക്ക് ചെയ്യൂ. ഉയർന്ന പർവ്വതത്തിൽ കയറുമ്പോൾ എന്ത് എഴുതിയിട്ടുണ്ടാകും? ബ്രേക്ക് ചെക്ക് ചെയ്യൂ എന്ന് കാരണം ബ്രേക്ക് സുരക്ഷയുടെ സാധനമാണ്. അതിനാൽ നിയന്ത്രിക്കാനുള്ള ശക്തി അഥവാ ബ്രേക്കിടുക എന്ന് പറഞ്ഞാൽ അർത്ഥം ഇവിടെ ബ്രേക്കിട്ടാൽ അവിടെ ലഭിക്കുക എന്നല്ല. ചിലർ വ്യർത്ഥത്തെ നിയന്ത്രിക്കാൻ ആഗ്രഹിക്കുന്നുണ്ട്, ഇത് തെറ്റാണെന്നും മനസ്സിലാക്കുന്നു. ആ സമയത്ത് തെറ്റിനെ ശരിയിലേക്ക് പരിവർത്തനപ്പെടുത്തണം. ഇതിനെയാണ് നിയന്ത്രിക്കാനുള്ള ശക്തിയെന്ന് പറയുന്നത്. ചിന്തിച്ചു കൊണ്ടിരിക്കുകയാണ് പക്ഷെ അര മണിക്കൂർ വ്യർത്ഥമായി, പിന്നീട് നിയന്ത്രണത്തിൽ വന്നു. വളരെ പുരുഷാർത്ഥം ചെയ്ത് അര മണിക്കൂറിന് ശേഷം പരിവർത്തനപ്പെട്ടുവെങ്കിൽ അതിനെ നിയന്തണ ശക്തിയും, ഭരിക്കാനുള്ള ശക്തിയെന്നും പറയില്ല. കുറച്ച് കുറച്ച് അധീനം കുറച്ച് കുറച്ച് അധികാരിയും, കലർപ്പ്. അങ്ങനെയുള്ളവരെ രാജ്യ അധികാരിയെന്ന് പറയുമോ അതോ പുരുഷാർത്ഥിയെന്ന് പറയുമോ? അതിനാൽ ഇപ്പോൾ പുരുഷാർത്ഥിയല്ല, രാജ്യ അധികാരിയാകൂ. ഈ സ്വരാജ്യ അധികാരത്തിന്റെ ശ്രേഷ്ഠമായ ആനന്ദമാണ്.

സ്വരാജ്യ അധികാരി അർത്ഥം സദാ ആനന്ദം തന്നെ ആനന്ദത്തിലിരിക്കുക. ആനന്ദത്തിലിരിക്കുന്നവർ ഒരിക്കലും ഒരു കാര്യത്തിന്റെയും ആശയക്കുഴപ്പത്തിൽ വരില്ല. സംശയത്തിൽ വരുന്നുവെങ്കിൽ ആനന്ദം ഇല്ല. അതിനാൽ സംഗമയുഗത്തിൽ ആനന്ദം തന്നെ ആനന്ദമാണ്. അതോ ഇടയ്ക്കിടയ്ക്ക് ആനന്ദമാണോ? ശക്തികൾക്ക്, പാണ്ഡവർക്ക് ആനന്ദമല്ലേ. അപ്പോൾ മനസ്സിലായോ, സ്വരാജ്യത്തിന്റെ രീതിയെന്താണ്, വിശ്വ രാജ്യത്തിന്റെ രീതിയെന്താണ് എന്ന്. പ്രജയായിക്കോട്ടെ റോയൽ കുടുംബമായിക്കോട്ടെ പക്ഷെ പ്രജ പ്രജയല്ല, പ്രജകളും ഒരു കുടുംബമാണ്. കുടുംബനീതിയാണ് സത്യ ത്രേതായുഗത്തിലെ രാജനീതി . രാജാവെന്ന് പറയുന്നു എന്നാൽ രാജാവുണ്ടായിട്ടും പരമ പ്രിയം പിതാവിന്റെ സ്വരൂപമാണ്. കുടുംബ

ത്തിന്റെ രീതിയിലൂടെയാണ് രാജനീതി നടക്കുന്നത്. രാജ്യ ഭരണം വ്യത്യസ്ഥമായ കൈകളിലൂടെയാകാം എന്നാൽ പരിവാരത്തിലെ സ്നേഹത്തിന്റെ വിധിയിലൂടെ കാര്യങ്ങൾ നടക്കും. രാജാവിന്റെയടുത്ത് നിറയെ ധനവും സമ്പത്തും പ്രജകൾക്ക് കഴിക്കാനും കുടിക്കാനും ഒന്നുമില്ല– അങ്ങനെയാകില്ല. ദ്വാപര കലിയുഗത്തിലെ രാജ്യ നിയമത്തിൽ നിയമവും ക്രമസമാധാനവും ഉണ്ടായിരിക്കും. എന്നാൽ വിശ്വ രാജ്യം, ദേവ രാജ്യത്തിന്റെ സമയത്ത് ഇതേ രീതിയായിരിക്കും, നിയമമല്ല പക്ഷെ സ്നേഹത്തിന്റെയും സംബന്ധത്തിന്റെയും രീതിയായിരിക്കും. ഒരു ആത്മാവിനും ദുഃഖം എന്ന ശബ്ദത്തിന്റെ അറിവുണ്ടായിരിക്കില്ല. രാജാവാകട്ടെ, പ്രജയാകട്ടെ ദുഃഖത്തിന്റെയും അശാന്തിയുടെയും പേരോ അടയാളമോ ഉണ്ടായിരിക്കില്ല. ദുഃഖം എന്താമ്– അതിന്റെ അജ്ഞാനം, ജ്ഞാനമേയില്ല. ഏതുപോലെ ഈ സമയത്ത് സ്വരാജ്യത്തിന്റെ സമയത്തും ബാപ്ദാദ ഏത് രീതിയിലൂടെയാണ് നിങ്ങളെ നടത്തിക്കുന്നത്? സ്നേഹവും ശ്രീമതത്തിലൂടെയും. ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ ശക്തമായി ഓർഡർ ചെയ്യേണ്ട ആവശ്യമില്ല. രീതിയെ മറന്നാൽ സ്വയം സ്വയത്തെ കലിയുഗീ രീതിയിലൂടെ നടത്തിക്കുന്നു. അതിനാൽ വിശ്വത്തിന്റെ രാജ്യത്തിന്റെ രീതിയും വളരെ പ്രിയപ്പെട്ടതാണ് കാരണം അനേകതയില്ല, ഒരു രാജ്യമാണ്, അളവറ്റ ഖജനാവാണ്. പ്രജകളും അത്രയും സമ്പന്നമായിരിക്കും– ഇന്നത്തെ കാലത്തെ വലിയ വലിയ കോടിപതികളേക്കാൾ കൂടുതൽ. അപ്രാപ്തിയുടെ പേരോ അടയാളമോ ഉണ്ടായിരിക്കില്ല. പക്ഷെ ഇതിന്റെ ആധാരമെന്താണ്? സ്വരാജ്യം.

ഈ സമയത്ത് സമ്പന്നരായി മാറുന്നു, അതിനാൽ പരമാത്മ സമ്പത്തിന്റെ സമ്പന്നത സത്യ ത്രേതായുഗത്തിന്റെ അനേക ജന്മങ്ങൾ വരെ പ്രാപ്തമാകുന്നു. അതിനാൽ പറയുന്നു നമ്പർവൺ രാജ്യമാണ് സ്വരാജ്യം, പിന്നെയാണ് വിശ്വ രാജ്യം, മൂന്നാമത്തേതാണ് ദ്വാപര കലിയുഗത്തിലെ വ്യത്യസ്ഥമായ സംസ്ഥാനങ്ങളുടെ രാജ്യം. ഈ രാജ്യത്തെ നല്ല രീതിയിൽ മനസ്സിലാക്കുന്നു, വർണ്ണിക്കേണ്ട ആവശ്യമില്ല. അതിനാൽ സദാ ഏത് ലഹരിയിലിരിക്കണം? സ്വരാജ്യം എന്റെ ജന്മസിദ്ധ അധികാരമാണ്! ഏത് ജന്മത്തിന്റെ? ബ്രാഹ്മണ ജന്മത്തിന്റെ. ജന്മനെടുത്തപ്പോൾ തന്നെ ബ്രഹ്മാബാബ സ്വരാജ്യത്തിന്റെ തിലകം ഓരോ ബ്രാഹ്മണാത്മാവിനും നല്കി. തിലകധാരിയല്ലേ. സ്മൃതിയുടെ തിലകമാണ്. തിലകവുമുണ്ട്, സിംഹാസനവുമുണ്ട്, കിരീടവുമുണ്ട്. കിരീടധാരികളല്ലേ. ഏത് കിരീടം? വിശ്വമംഗളത്തിന്റെ കിരീടം. വിശ്വ മംഗളകാരികളല്ലേ. പവിത്രതയുടെ കിരീടം, വിശ്വമംഗളത്തിന്റെ കിരീടം– ഡബിൾ കിരീടമാണ്. പവിത്രതയുടെ കിരീടമുണ്ട്, പ്രകാശത്തിന്റെ കിരീടമുണ്ട്, വിശ്വ മംഗളത്തിന്റെ കിരീടവുമുണ്ട്–സേവനത്തിന്റെ കിരീടം.

വിശ്വസേവാധാരികളല്ലേ. സംസ്ഥാനത്തിന്റെ സേവാധാരിയാണെന്ന് മനസ്സിലാക്കരുത്– ഞാൻ ഗുജറാത്തിലെ, ഞാൻ രാജസ്ഥാനിലെ, ഞാൻ ദില്ലിയിലെ സേവാധാരിയാണ്. അല്ല. വിശ്വസേവാധാരിയാണ്. എവിടെ വസിച്ചാലും മനോഭാവനയും ദൃഷ്ടിയും പരിധിയില്ലാത്തതായിരിക്കണം. വിശ്വ സേവാധാരിാകുന്നില്ലായെങ്കിൽ സ്വരാജ്യവുമില്ല, വിശ്വ രാജ്യവുമില്ല, പിന്നെ ദ്വാപ്ര കലിയുഗത്തിലെ സംസ്ഥാനത്തിന്റെ രാജാവാകേണ്ടി വരും. വിശ്വ രാജ്യ അധികാരിക്കായി സദാ തന്റെ കിരീടം, തിലകം, സിംഹാസനം– സജാ ഈ സ്ഥിതിയിലിരിക്കൂ. ശരീരത്തിൽ നിന്നും സിംഹാസനത്തിലിരിക്കരുത് , ബുദ്ധിയിലൂടെ സ്മൃതിയുടെ സ്ഥിതിയിലിരിക്കണം. സ്ഥിതിയിൽ സ്ഥിതി ചെയ്യുക തന്നെയാണ് സിംഹാസനത്തിലിരിക്കുക, അവിടെ സദായിരിക്കാൻ സാധിക്കും. ശരീരം കൊണ്ട് എത്ര മണിക്കൂർ ഇരിക്കും? ക്ഷീണിക്കില്ലേ. എന്നാൽ ബുദ്ധിയിലൂടെ സ്ഥിതിയിൽ സ്ഥിതി ചെയ്യുക ഇതാണ് സിംഹാസനസ്തരാകുക. ഇത് സഹജമല്ലേ. അതിനാൽ സ്വരാജ്യത്തിന്റെ ലഹരിയിൽ നിരന്തരം സ്ഥിതി ചെയ്യൂ. മനസ്സിലായോ എന്താണ് ചെയ്യേണ്ടതെന്ന്. പുരുഷാർത്ഥിയല്ല എന്നാൽ അധികാരിയാകുക.

സർവ്വരും മിലനം ആഘോഷിച്ചില്ലേ. പരമാത്മ മിലനം ആഘോഷിക്കാൻ സർവ്വരും ഓടിയോടി വരുന്നു. അപ്പോൾ മിലനം ആഘോഷിക്കാൻ വന്നിരിക്കുകയല്ലേ. ഇത് ആഘോഷമായി തോന്നുന്നുണ്ടോ അതോ തിരക്കായി അനുഭവപ്പെടുന്നുണ്ടോ? വിശ്രമത്തോടെയല്ലേ. വിശ്രമത്തോടെയിരിക്കുക, കഴിക്കുക, നടക്കുക–സർവ്വതും വിശ്രമത്തോടെയല്ലേ. എന്നാലും വളരെ ഭാഗ്യശാലികളാണ്. അവിടത്തെ മേളയിലേത് പോലെ മണ്ണിലൊന്നും ഇരിക്കേണ്ടി വന്നില്ലല്ലേ. കട്ടിലും കിടക്കയും ലഭിച്ചില്ലേ. അവിടെ മേളയിൽ സ്നാനം ചെയ്താലും മണ്ണ്, വസിക്കുന്നതും മണ്ണിൽ, ഭക്ഷണത്തിലും മണ്ണ് ഉണ്ടാകുന്നു. ഇവിടെ കുട്ടികൾ വരുന്നത് തന്റെ വീട്ടിലാണ്. ലഹരിയോടെ വരുന്നു. ബാബയ്ക്കും സന്തോഷം, കുട്ടികൾക്കും സന്തോഷം. ഹോളിൽ പിന്നിലിരിക്കുന്നവർ ഏറ്റവും മുന്നിലാണ് കാരണം ബാപ്ദാദായുടെ ആദ്യത്തെ ദൃഷ്ടി അവസാനം വരെ പോകുന്നുണ്ട്. ശരി.

സർവ്വ സ്വരാജ്യ അധികാരി നിശ്ചിന്തരായ കുട്ടികൾക്ക്, സർവ്വ വിശ്വ രാജ്യ അധികാരി അനേക ജന്മം

സമ്പൂർണ്ണവും സമ്പന്നവുമായിരിക്കുന്ന ആത്മാക്കൾക്ക്, സദാ തിലകം, കിരീടം, സിംഹാസനസ്ഥരായ കുട്ടികൾക്ക്, സദാ പരിധിയില്ലാത്ത സേവനത്തിന്റെ ഉണർവ്വും ഉത്സാഹത്തിലിരിക്കുന്ന വിശേഷ കുട്ടികൾക്ക്, ദേശ വിദേശത്തിലെ സർവ്വ സന്മുഖത്ത് അനുഭവം ചെയ്യുന്ന കുട്ടികൾക്ക് ബാപ്ദാദായുടെ കോടിമടങ്ങ് സ്നേഹ സ്മരണ. അതോടൊപ്പം സർവ്വരുടെ സ്നേഹത്തിന്റെ കത്തുകളുടെ പ്രതികരണവും നല്കി കൊണ്ടിരിക്കുന്നു. ദേശവും വിദേശവും രണ്ടും അവരവരുടെ വിധിയനുസരിച്ച് സ്വയത്തിന്റെ പുരുഷാർത്ഥത്തിൽ സിദ്ധി പ്രാപ്തമാക്കി കൊണ്ടിരിക്കുന്നു, സേവനത്തിലും മുന്നോട്ടുയരുന്നതിന്റെ ഉത്സാഹത്തിൽ മുഴുകിയിരിക്കുന്നു. അതിനാൽ ഓരോരുത്തരും ഏത് മൂലയിൽ വസിക്കുന്നവരാകട്ടെ അവരുടെ ഓർമ്മ, സേവനവാർത്തകൾ, സ്നേഹപത്രങ്ങൾ, സ്ഥിതിയുടെ ഉണർവ്വും ഉത്സാഹത്തിന്റെയും കാര്യങ്ങൾ സർവ്വതും പ്രാപ്തമായി ബാപ്ദാദ സർവ്വ കുട്ടികൾക്കും വളരെ വളരെ വളരെ പേര് സഹിതം, ഓരോരുത്തരുടെയും വിശേഷത സഹിതം സ്നേഹ സ്മരണ നല്കി കൊണ്ടിരിക്കുന്നു, സദാ ഇതേ ഓർമ്മ, സ്നേഹത്തിന്റെ പാലനയിൽ പാലിക്കപ്പെട്ടു കൊണ്ടിരിക്കുന്നു, പറന്നു കൊണ്ടിരിക്കുന്നു, പറന്ന് പറന്ന് ലക്ഷ്യത്തിലെത്തുക തന്നെ വേണം അതോ ലക്ഷ്യത്തിലെത്തിയോ. അതിനാൽ ഓർമ്മയും സ്നേഹവും നമസ്തേ.

## വരദാനം- മാസ്റ്റർ സർവ്വശക്തിവാന്റെ സ്മൃതിയിലൂടെ സർവ്വ ഇളക്കങ്ങളെയും അപ്രത്യക്ഷമാക്കുന്ന അചഞ്ചലരും സുദൃഢരുമായി ഭവിക്കട്ടെ.

ഏതു പോലെ ശരീരത്തിന്റെ കർത്തവ്യം പ്രത്യക്ഷത്തിൽ കാണുന്നു, അതേപോലെ ബ്രാഹ്മണ ജീവിതത്തിന്റെ കർത്തവ്യം പ്രത്യക്ഷമായിരിക്കണം, അവരുടെ ഓരോ കർമ്മത്തിൽ ലഹരിയുണ്ടായിരിക്കണം എങ്കിൽ സർവ്വ ചഞ്ചലതകൾ അപ്രത്യക്ഷമാകും, താങ്കൾ സദാ അചഞ്ചലരും സുദൃഢരുമായിട്ടിരിക്കും. മാസ്റ്റർ സർവ്വ ശക്തിവാന്റെ സ്മൃതി സദാ ഇമർജ്ജായിട്ടുണ്ടെങ്കിൽ ഏതൊരു ദൗർബല്യത്തിനും ചഞ്ചലമാക്കാൻ സാധിക്കില്ല കാരണം അവർക്ക് ഓരോ ശക്തിയെയും സമയത്ത് കാര്യത്തിൽ ഉപയോഗിക്കാൻ സാധിക്കും, അവരുടെയടുത്ത് നിയന്ത്രിക്കാനുള്ള ശക്തിയുണ്ടായിരിക്കും അതിനാൽ സങ്കല്പവും കർമ്മവും സമാനമായിരിക്കും.

## സ്ലോഗൻ- ഭയാനകമായ പരിതസ്ഥിതികളിൽ ഭയക്കുന്നതിന് പകരം അതിൽ നിന്നും പാഠം പഠിച്ച് സ്വയത്തെ പരിപക്വമാക്കിക്കോളൂ.